പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2400 **27-10-2026-ൽ മറുപടിയ്ക്ക്**

കാസർഗോഡ് ജില്ലയിലെ ബി.ഇ.എസ്.എസ് നിലയങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. നീലകണ്ഠൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ജില്ലയിൽ മയിലാട്ടിയിലും മുള്ളേരിയയിലും സ്ഥാപിക്കുന്ന ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നിലയത്തിന്റെ നിലവിലെ നിർമാണ പുരോഗതി വിശദമാക്കാമോ;

മറുപടി: മയിലാട്ടിയിൽ സിവിൽ നിർമാണം, കൺട്രോൾ റൂം, വൈദ്യുത ഉപകരണങ്ങളുടെ സ്ഥാപനം, ഗ്രിഡ് കണക്റ്റിവിറ്റി എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർണ്ണതോതിൽ പുരോഗമിച്ചുവരുന്നു. PCS, Inverter duty transformer അനുബന്ധ വൈദ്യുത ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചു കഴിഞ്ഞു. ബാറ്ററി കണ്ടെയ്നറുകൾ മാത്രമാണ് സ്ഥാപിക്കാനുള്ളത്.

മുള്ളേരിയ BESS (ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം) നിർമാണ പ്രവർത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ച് 15.10.2026 മുതൽ നിരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചുവരുന്നു.

(ബി) പ്രസ്തുത നിലയങ്ങൾ എന്ന് പൂർണതോതിൽ കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കാമോ;

മറുപടി: മയിലാട്ടി നിലയത്തിന്റെ കരാർ പ്രകാരമുള്ള കമ്മീഷനിംഗ് തീയതി 16.10.2026 ആണ്. ഡെവലപ്പർ നിലവിൽ അറിയിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം മാർച്ച് 2027- ഓട് കൂടി കമ്മീഷനിംഗ് പ്രതീക്ഷിക്കുന്നു.

മുള്ളേരിയ നിലയം 15.10.2026 മുതൽ നിരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചു വരുന്നു. കമ്മ്യൂണിക്കേഷൻ സിസ്റ്റം കൂടെ പൂർത്തീകരിച്ചാൽ കമ്മീഷൻ ചെയ്യാവുന്നതാണ്.

(സി) മയിലാട്ടിയിലെ പ്രസ്തുത നിലയത്തിലേക്ക് വിദേശത്തു നിന്ന് എത്തേണ്ട ബാറ്ററി സ്റ്റോറേജ് കണ്ടെയ്നറുകൾ എത്താൻ വൈകുന്നതാണ് പ്രവൃത്തി നീണ്ടുപോകാൻ കാരണമെന്ന റിപ്പോർട്ടുകളിൽ വാസ്തവമുണ്ടോ; എങ്കിൽ എത്ര ബാറ്ററി സ്റ്റോറേജുകളാണ് ഇവിടെ ആവശ്യമുള്ളത്; വിശദമാക്കുമോ;

മറുപടി: ബാറ്ററി കണ്ടെയ്നറുകൾ എത്താൻ വൈകുന്നത് പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

ആകെ 500MWh-ന്റെ ബാറ്ററി സ്റ്റോറേജാണ് ആവശ്യമായിട്ടുള്ളത്. അവ 108 കണ്ടെയ്നറുകളായാണ് സ്ഥാപിക്കുന്നത് ഡെവലപ്പർ അറിയിച്ചിട്ടുള്ളത്.

(ഡി) കാസർകോട് ജില്ലയ്ക്ക് ഈ നിലയങ്ങൾ കമ്മിഷൻ ചെയ്താൽ ഉണ്ടാകുന്ന പ്രയോജനങ്ങൾ വിശദീകരിക്കാമോ; കാസർകോട് ജില്ലയിൽ കൂടുതൽ ബി.ഇ.എസ്.എസ് നിലയങ്ങൾക്ക് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ;

മറുപടി: ബി.ഇ.എസ്.എസ്. നിലയങ്ങൾ വഴി, കുറഞ്ഞ ആവശ്യകതയുള്ള സമയങ്ങളിൽ വൈദ്യുതി സംഭരിച്ച് പീക്ക് സമയങ്ങളിൽ ലഭ്യമാക്കാനും വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കാനും വിതരണ വിശ്വാസ്യത വർധിപ്പിക്കാനും പുനരുപയോഗ ഊർജത്തിന്റെ ഫലപ്രദമായ ഉപയോഗം മെച്ചപ്പെടുത്താനും സാധിക്കും. മയിലാട്ടി, മുള്ളേരിയ പദ്ധതികൾക്കു പുറമേ കാസർഗോഡ് ജില്ലയിൽ പുതിയ ബി.ഇ.എസ്.എസ്. നിലയങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ അംഗീകൃത പദ്ധതികളില്ല.

(ഇ) മയിലാട്ടിയിൽ ബി.ഇ.എസ്.എസ് സ്ഥാപിക്കാൻ എത്ര സ്ഥലമാണ് കൈമാറിയതെന്നും ഇത് എത്ര കാലത്തേക്കുള്ള കരാറാണെന്നും വ്യക്തമാക്കാമോ;

മറുപടി: മയിലാട്ടി ബി.ഇ.എസ്.എസ്. നിലയത്തിനായി 9.15 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. പ്രാഥമിക കരാർ കാലാവധി 12 വർഷമാണ്. Battery Energy Storage Purchase Agreement (BESPA) യിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാർ കാലാവധി 5 വർഷം കൂടി ദീർഘിപ്പിക്കുന്നതിനുള്ള വ്യവസ്ഥയുമുണ്ട്.

(എഫ്) മയിലാട്ടി നിലയത്തിൽ ദിവസവും എത്ര മെഗാവാട്ട് വൈദ്യുതി സംഭരിക്കാനാകുമെന്നും കെ.എസ്.ഇ.ബി.എല്ലിന് ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങളും കരാർ കമ്പനിയുമായി ഇതു സംബന്ധിച്ച് ഉണ്ടാക്കിയ പ്രധാന വ്യവസ്ഥകളും വിശദമാക്കാമോ;

മറുപടി: മയിലാട്ടി നിലയത്തിന്റെ സ്ഥാപിത ശേഷി 125 MW- ഉം ഊർജ്ജസംഭരണശേഷി 500 MWh-ഉം ആണ്. പൂർണ്ണശേഷിയിൽ 125MW വൈദ്യുതി നാല് മണിക്കൂർ നൽകാൻ ഇതിലൂടെ സാധിക്കും. പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത തദ്ദേശ്യമായി കൈകാര്യം ചെയ്യാനും വൈദ്യുതി വാങ്ങൽ ആവശ്യകത കുറയ്ക്കാനും ഇത് സഹായിക്കും.

പൊതുമേഖലാസ്ഥാപനമായ സോളാർ എനർജി കോർപ്പറേഷനുമായിട്ടാണ് കെഎസ്ഇബിഎൽ കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. പ്രധാന കരാർ വ്യവസ്ഥകൾ:

Capacity charges: പ്രതിമാസം ഒരു മെഗാവാട്ടിന് Rs.4.41 lakhs ആണ് കരാർ പ്രകാരമുള്ള നിരക്ക്. GST ഇതിനു പുറമെ അധികമായി നൽകേണ്ടതാണ്

റൗണ്ട് ട്രിപ്പ് എഫിഷ്യൻസി (RtE): നിലയം ചാർജ് ചെയ്യുമ്പോൾ സ്വീകരിക്കുന്ന വൈദ്യുതിയും ഡിസ്ചാർജ് ചെയ്യുമ്പോൾ തിരികെ നൽകുന്ന വൈദ്യുതിയും തമ്മിലുള്ള കാര്യക്ഷമതയാണ് RtE. കുറഞ്ഞത് 85% RtE ഉറപ്പാക്കണമെന്ന വ്യവസ്ഥയുണ്ട് .

(ജി) ഒരു ബി.ഇ.എസ്.എസ് നിലയം എത്ര വർഷം പ്രവർത്തിപ്പിക്കാനാകുമെന്നും ഇതിന്റെ നിർമാണച്ചെലവും അനുബന്ധ സംവിധാനങ്ങളും വിശദീകരിക്കാമോ?

മറുപടി: ബി.ഇ.എസ്.എസ്. നിലയത്തിന്റെ പ്രവർത്തനായുസ്സ് ബാറ്ററി സാങ്കേതികവിദ്യ, ഉപയോഗരീതി, ചാർജിങ്–ഡിസ്ചാർജിങ് ചക്രങ്ങൾ, പരിപാലനം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ആവശ്യമായ ശേഷി നിലനിർത്തുന്നതിന് കരാർ വ്യവസ്ഥകൾക്കനുസരിച്ച് ബാറ്ററി മാറ്റി സ്ഥാപിക്കുകയോ ശേഷി പുനഃസ്ഥാപിക്കുകയോ ചെയ്യേണ്ടിവരാം. ഇപ്പോൾ നിലവിലുള്ള സാങ്കേതികവിദ്യ പ്രകാരം 12-15 വർഷം പ്രവർത്തന കാലാവധി പ്രതീക്ഷിക്കാവുന്നതാണ്.

പ്രധാന സംവിധാനങ്ങളിൽ ബാറ്ററി സ്റ്റോറേജ് കണ്ടെയ്നറുകൾ, പവർ കൺവെർഷൻ സിസ്റ്റം (PCS), ട്രാൻസ്ഫോർമറുകൾ, സ്വിച്ച്യാർഡ്, SCADA, ആശയവിനിമയ, താപനിയന്ത്രണ, അഗ്നിസുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

Central Electricity Authority(CEA) മാനദണ്ഡപ്രകാരം നിർമ്മാണച്ചെലവ് MWh -ന് 80 ലക്ഷം (₹ 0.80 കോടി/ MWh) രൂപ ആണ്.

സെക്ഷൻ ഓഫീസർ